**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 60** **05-10-2021 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എം. എം. മണി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി, സെസ്സ് എന്നിവ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര തവണ വർദ്ധിപ്പിച്ചു; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ പെട്രോളിന് 2014-ൽ കേന്ദ്ര നികുതികളും സെസ്സുകളും ഉൾപ്പെടെ പ്രതിലിറ്ററിന് 9.47 രൂപയായിരുന്നത് 13 തവണ വർദ്ധനവ് വരുത്തി പ്രതിലിറ്ററിന് 32.9 രൂപയാക്കി. ഡീസലിന് 2014-ൽ കേന്ദ്ര നികുതികളും സെസ്സുകളും ഉൾപ്പെടെ പ്രതിലിറ്ററിന് 3.56 രൂപയായിരുന്നത് 13 തവണ വർദ്ധനവ് വരുത്തി പ്രതിലിറ്ററിന് 31.80 രൂപയാക്കി. |
| (ബി) | പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി, സെസ്സ് ഇനത്തിൽ കേന്ദ്രം ഈടാക്കുന്ന തുകയിൽ എത്ര ശതമാനമാണ് സംസ്ഥാന സർക്കാരിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; നിലവിൽ ഇത് എത്ര രൂപയാണ്; | (ബി) | കേന്ദ്രം പെട്രോളിയം ഉൽപ്പന്നങ്ങളുടെ മേൽ ഈടാക്കുന്ന നികുതിയിൽ നിന്നുള്ള വിഹിതം സംസ്ഥാനങ്ങൾക്ക് നേരിട്ട് ലഭിക്കുന്നതല്ലാത്തതിനാൽ, വിശദാംശങ്ങൾ ലഭ്യമല്ല. എന്നാൽ സെസിൽ നിന്നും കേന്ദ്രത്തിന് ലഭിക്കുന്ന വരുമാനം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നില്ല. |
| (സി) | പെട്രോൾ, ഡീസൽ എന്നിവ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം കേന്ദ്ര സർക്കാർ നികത്തുമെന്നറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപന നികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ |

| | | | |
|---|---|---|---|
| | | | 28% ചുമത്തിയാൽ പോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ